ഉത്തരം

(എ) ഈ വർഷാവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ 322 പേർക്ക് നിയമനം കൊടുത്തു. ഇപ്പോൾ അഡ്വൈസ് ലഭിച്ച 216 പേരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇറിഗേഷനിൽ 308 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇറിഗേഷനിലെ ഒഴിവുകൾ കണക്കാക്കിവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിലെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇറിഗേഷനിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.†

(ഡി) പൊതുമരാമത്ത് വകുപ്പിൽ 6 എൻ.ജെ.ഡി. വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 എൻ.ജെ.ഡി. വേക്കൻസികൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇറിഗേഷനിൽ 85 എൻ.ജെ.ഡി. വേക്കൻസികൾ നിലവിൽ ഉണ്ട്. ആയത് പി.എസ്.സി.-യെ അറിയിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ഇ) കാലതാമസം ഉണ്ടാകാറില്ല.

(എഫ്) 'ഡി', 'ഇ' എന്നിവയ്ക്കുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകേണ്ടതായി കാണുന്നില്ല.

മരാമത്ത് വകുപ്പിലെ ആർക്കിടെക്ച്ചറൽ വിഭാഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ടവർ

299 [2356] ശ്രീമതി രാധാരാഘവൻ:
ശ്രീ. തമ്പാനൂർ രവി:
" എൻ. ഡി. അപ്പച്ചൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖാന്തിരം പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്ച്ചറൽ വിഭാഗത്തിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്ട്സ്മാൻ തസ്തികയിൽ 2002-ൽ നിയമനം ലഭിച്ച എത്ര പേരെ പിരിച്ചുവിട്ടു; പിരിച്ചുവിടപ്പെട്ടവർ ആരെല്ലാം;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇവരുടെ റാങ്ക് എത്രയായിരുന്നു ഇവരെ പിരിച്ചുവിടാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇവരെ പിരിച്ചുവിട്ടശേഷം പ്രസ്തുത തസ്തികയിലെത്ര ഒഴിവുണ്ടായി ആ ഒഴിവുകളിൽ നിയമനം നടത്തിയോ എങ്കിൽ എപ്രകാരമാണ് നിയമനം നടത്തിയതെന്നും ആരെയൊക്കെയാണ് നിയമിച്ചതെന്നും അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പിരിച്ചുവിടപ്പെട്ടവരിൽ ശ്രീമതി എസ്. സുമയുടെ ഹർജി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ഇ) അതിന്മേൽ എന്ത് നടപടിയെടുത്തു;

(എഫ്) ശ്രീമതി സുമയ്ക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ പുനർനിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീമതി സുജാകുമാരി, എസ്., ശ്രീമതി സുമ, എസ്. എന്നീ രണ്ട് പേരെ റിട്രഞ്ച് ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇവരുടെ റാങ്ക് സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. എന്നാൽ പി.എസ്.സി. അഡ്വൈസ് പ്രകാരം ശ്രീമതി സുജാകുമാരിയെ 4-ാം സ്ഥാനത്തും ശ്രീമതി എസ്. സുമയെ 5-ാം സ്ഥാനത്തും ആയിട്ടാണ് നിയമിച്ചിരിക്കുന്നത്. നേരിട്ടുള്ള നിയമന തസ്തികയിൽ ഒഴിവില്ലാത്തതിനാൽ ആണ് റിട്രഞ്ച് ചെയ്തത്.

(സി) പ്രൊമോഷൻ തസ്തികയിൽ ഒരു ഒഴിവുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു ഒ.പി. നിലനിൽക്കുന്നതിനാൽ പ്രസ്തുത ഒഴിവിൽ ഇതുവരെ നിയമനം നടത്തിയിട്ടില്ല.

(ഡി—എഫ്) ഉണ്ട്. 18-2-2003-ൽ ശ്രീമതി എസ്. സുമയുടെ 10-2-2004-ലെ ഹർജിയുടെ അടിസ്ഥാനത്തിൽ പുനർനിയമനം നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

മരാമത്ത് വകുപ്പിൽ നിലവിലുള്ള മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ലിസ്റ്റ്

300 [2357] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജൂലൈ 27-ന് പ്രസിദ്ധീകരിച്ച മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ലിസ്റ്റിന്റെ കാലാവധി എന്നത്തേക്ക് അവസാനിക്കും എന്നറിയിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഈ വകുപ്പിൽ ഇതുവരെ എത്ര പേരെ നിയമിച്ചു; ഇപ്പോൾ എത്ര പേരെ അഡ്വൈസ് ചെയ്തു;

(സി) പൊതുമരാമത്ത് വകുപ്പിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly